
BULLETIN
IRINJALAKUDA
DIOCESE

# MY LORD, MY GOD

*Irinjalakuda Diocesan Bulletin*

*P.B. No. 59, Irinjalakuda - 680 121*

*Ph : 2826830, 2826820*

പുസ്തകം : 31 2010 സെപ്തംബർ ലക്കം : 9



1. ഇടയശബ്ദം ............ 02
2. കച്ചേരിക്കാര്യങ്ങൾ ............ 05
3. രൂപതാദിനം ............ 13
4. മതബോധനം ............ 14
5. സഭാവാർത്തകൾ ............ 15
6. സോഷ്യൽ ആക്ഷൻ ............ 17
7. ചെന്നൈ മിഷൻ ............ 17
8. സെന്റ് പോൾസ് മൈനർ സെമിനാരി ............ 18
9. സംഘടനാവാർത്തകൾ
   - അവാർഡ് ............ 19
   - ഫ്രാൻസിസ്കൻ അസ്സോസിയേഷൻ ............ 21
   - ബി.എൽ.എം. ............ 21
   - സ്വിരിച്ചാലിറ്റി സെന്റർ ............ 23
   - സാൻജോസദൻ ............ 23
   - ഫാമിലി അപ്പസ്തോലേറ്റ് ............ 24
   - പാക്സ് ............ 24
   - കെ.സി.എസ്.എൽ. ............ 25
   - സി.എൽ.സി. ............ 26
   - നവചൈതന്യ ............ 26
   - ബൈബിൾ അപ്പസ്തോലേറ്റ് ............ 27
   - കരിസ്മാറ്റിക് മൂവ്മെന്റ് ............ 27
   - കെ.സി.വൈ.എം. ............ 28

10 സുറിയാനി ഡിപ്ലോമ കോഴ്സ് ............ 29
11. ഇടയന്റെ ഇന്നലെകൾ ............ 30
12. ഇടയന്റെ നാളെകൾ ............ 32




# ഇടയശബ്ദം



സ്നേഹമുള്ള സഹോദരവൈദികരേ, സമർപ്പിതരെ, അല്മായ സുഹൃത്തുക്കളേ,

നമ്മുടെ രൂപത മുപ്പത്തിമൂന്നാം വയസ്സിലേക്ക് പ്രവേശിക്കുകയാണ്. 1978 സെപ്തംബർ 10-ാം തിയ്യതി മുതൽ നാളിതുവരെ നമ്മുടെ രൂപതയെ വളർച്ചയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന നല്ലവനായ ദൈവത്തിന് നന്ദിപറയാം. രൂപതാദിനത്തിന്റെ മംഗളങ്ങൾ നേരുന്നതോടൊപ്പം രൂപതയുടെ ആത്മീയകൂട്ടായ്മയ്ക്കും സാമൂഹികവും വിദ്യാഭ്യാസപരവും ഭൗതികവുമായ വളർച്ചയ്ക്കും നേതൃത്വം നല്കിയ എല്ലാവരോടും പ്രത്യേകിച്ച് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിനോടും രൂപതയുടെ കൃതജ്ഞതയും കടപ്പാടും പ്രകടമാക്കാം.

രൂപതാദിനത്തോടനുബന്ധിച്ച് നാം മൂന്നു പ്രവർത്തന പദ്ധതികൾക്ക് ഈ വർഷം തുടക്കം കുറിക്കുകയാണ്. രൂപതയുടെ സാമൂഹിക പ്രതിബദ്ധത പ്രകടമാക്കുവാൻ രൂപം കൊടുത്ത "Bless A Home" പദ്ധതി, മുതിർന്നവരെ ദൈവശാസ്ത്രത്തിലും ആദ്ധ്യാത്മികതയിലും സഭാപഠനങ്ങളിലും പ്രബുദ്ധരാക്കുവാൻ നടത്തുന്ന ദൈവശാസ്ത്ര പഠനകേന്ദ്രം, നവീകരിച്ച് പ്രവർത്തനമാരംഭിക്കുന്ന രൂപതയുടെ Website എന്നിവയാണ് ഈ പദ്ധതികൾ. ഈ നവീന പദ്ധതികളുടെ വിജയത്തിനായി ഏവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

"എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ഏറ്റുപറഞ്ഞ മാർതോമാശ്ലീഹായുടെ വിശ്വാസചൈതന്യം രൂപതാദിനത്തിൽ നമ്മുടെ ക്രൈസ്തവസാക്ഷ്യത്തിന് പ്രചോദനമായിത്തീരട്ടെ. ക്രിസ്തീയ ആത്മീയത സാക്ഷ്യത്തിലധിഷ്ഠിതമായ ക്രിസ്തീയ

ജീവിതത്തിലേക്ക് നമ്മെ നയിക്കണം. വി. യാക്കോബ് ശ്ലീഹ തന്റെ ലേഖനത്തിലൂടെ ഓർമ്മിപ്പിക്കുന്നത് ഇതുതന്നെയാണ്. ‘‘പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ്.’’ ആത്മീയതയെയും ജീവിതത്തെയും ഒരിക്കലും വേർതിരിച്ചുകാണുവാൻ സാധ്യമല്ല. ചില വിശ്വാസസത്യങ്ങൾ ചിന്താതലത്തിൽ ഉൾക്കൊണ്ടതുകൊണ്ടോ, ചില ബാഹ്യാനുഷ്ഠാനങ്ങൾ നടത്തിയതുകൊണ്ടോ യഥാർത്ഥ ക്രിസ്തീയജീവിതം ഉണ്ടാകണമെന്നില്ല. ചിലപ്പോഴെങ്കിലും ഇവ സമാന്തരമായി പോകുന്നുണ്ട് എന്നത് ദുഃഖകരമായ സംഗതിയാണ്. ബുദ്ധിയുടെ തലത്തിലും ആചാരാനുഷ്ഠാനങ്ങളിലും മാത്രം ഒതുങ്ങിപ്പോകുന്നതല്ല ക്രൈസ്തവ ആത്മീയത. അതുകൊണ്ടാണ് ഈശോ വ്യക്തമാക്കിയത്: ‘‘കർത്താവേ, കർത്താവേ, എന്ന് എന്നെ വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക.’’ എന്ന്. വാക്കും പ്രവൃത്തിയും കർമ്മവും ധർമ്മവും ചിന്തയും വാക്കുകളും തമ്മിലുള്ള അന്തരം എത്രമാത്രം കുറയുന്നുവോ അത്രമാത്രം ആത്മീയത വർദ്ധമാനമാകും. രൂപതയുടെ അനുദിന വളർച്ചയിൽ നാം കൈമുതലാക്കേണ്ടതും ഈ ആത്മീയ ചൈതന്യമാണ്. 33-ാം വയസ്സിലേക്കുള്ള രൂപതയുടെ വളർച്ചയിൽ അതിനായി നമുക്കൊത്തൊരുമിച്ച് പരിശ്രമിക്കാം. അങ്ങനെ ചിന്തയിൽനിന്നും അനുഷ്ഠാനങ്ങളിൽനിന്നും ജീവിതത്തിന്റെ തലത്തിലേയ്ക്ക് നമ്മുടെ ആത്മീയത ഉത്തരോത്തരം വളരാൻ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. രൂപതയുടെ മദ്ധ്യസ്ഥനായ ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹവും മാർത്തോമാ ശ്ലീഹായുടെ മദ്ധ്യസ്ഥതയും നമ്മെ സഹായിക്കട്ടെ.



ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**

24.08.2010 ഇരിങ്ങാലക്കുട രൂപത മെത്രാൻ

# കൗൺസലിംഗ് കോഴ്സ്

പ്രിയ ബഹു. വികാരിയച്ചാ / സുപ്പീരിയറച്ചാ,

കേരള കത്തോലിക്ക നവീകരണ മുന്നേറ്റത്തിന്റെ പ്രവർത്തനങ്ങൾക്ക് വചനാധിഷ്ഠിത ജീവിതത്തിന് ക്രൈസ്തവ വിശ്വാസികളെ സജ്ജരാക്കാൻ കഴിഞ്ഞിട്ടുണ്ടല്ലോ. കരിസ്മാറ്റിക് മുന്നേറ്റം ക്രൈസ്തവസഭയിൽ ചെലുത്തിയ സ്വാധീനം സഭാവിശ്വാസികളിൽ പുത്തൻ ഉണർവിന് കാരണമായിട്ടുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. 1967-ൽ അമേരിക്കയിലെ പിറ്റ്സ്ബർഗിലെ ഡ്യൂക്വെയിൻ സർവ്വകലാശാലയിൽ കോളേജ് വിദ്യാർത്ഥികളും അധ്യാപകരും മുറിയടച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് അവരിൽ വന്നു നിറഞ്ഞ അനുഭവമുണ്ടായി. ഈ കാലഘട്ടത്തിന്റെ ദൈവിക ഇടപെടലുകളിലൊന്നായിരുന്നു അവർ ആരംഭിച്ച നവീകരണ മുന്നേറ്റം. അല്മായ സഹോദരങ്ങൾ വിശ്വാസതീക്ഷ്ണതയാൽ ജ്വലിച്ച് ദൈവവചനത്തെ ആഴത്തിൽ ഉൾക്കൊണ്ട് സുവിശേഷമാകാനും സുവിശേഷമേകാനും തുടങ്ങിയപ്പോൾ അവർ സഭയ്ക്ക് വരദാനമായി മാറി.

പരിശുദ്ധാത്മാവിനെതിരായി സഭയിൽ പ്രവർത്തിക്കുന്ന തിന്മയുടെ ശക്തി വിവിധരൂപത്തിലും ഭാവത്തിലും ചുരുക്കം ചില വചന പ്രഘോഷകരിലൂടെയും കൗൺസലേഴ്സിലൂടെയും യഥാർത്ഥ നവീകരണത്തിന് ഭീഷണിയായി മാറിയിരിക്കുന്നു. ഇരിങ്ങാലക്കുട രൂപതയിലെ നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 5 വർഷങ്ങളായി, കൗൺസലിംഗ് രംഗത്ത് പ്രവർത്തിക്കുന്നവർക്ക് കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷന്റെ നിർദ്ദേശപ്രകാരം പ്രത്യേക പരിശീലനക്ലാസ്സുകളും രൂപീകരണ ധ്യാനങ്ങളും സംഘടിപ്പിച്ചിരുന്നുവല്ലോ? ഈ വർഷത്തിൽ നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ ഇപ്രകാരം കൗൺസിലിംഗ് രംഗത്ത് പ്രവർത്തിക്കുന്ന അല്മായ സഹോദരങ്ങൾക്കു വേണ്ടി സെപ്തംബർ 10 രാവിലെ 9.30 മുതൽ 12 ഞായർ വൈകീട്ട് 3.30 വരെ **ആളൂർ ബി.എൽ.എം**. ധ്യാനകേന്ദ്രത്തിൽവെച്ച് കൗൺസലിംഗ് കോഴ്സ് നടത്തുന്നു. കൗൺസിലിംഗ് രംഗത്ത് ശുശ്രൂഷ ചെയ്യുന്ന എല്ലാ അല്മായ സഹോദരങ്ങളും ഈ കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് സ്വന്തമാക്കേണ്ടതാണ്.

നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഈ കോഴ്സിലേക്ക് ഇടവകകളിൽ നിന്ന് തീക്ഷ്ണതയുള്ള ശുശ്രൂഷകരെ പറഞ്ഞുവിടുവാൻ പരിശ്രമിക്കുമല്ലോ? ബഹു. സുപ്പീരിയറച്ചന്മാർ/ഡയറക്ടർമാർ ധ്യാനകേന്ദ്രങ്ങളിൽ നിന്നും ഇരിങ്ങാലക്കുട രൂപതയിൽപ്പെട്ട ശുശ്രൂഷകരെ ഈ കോഴ്സിലേക്ക് പറഞ്ഞയയ്ക്കുവാൻ മറക്കരുത്.

സ്നേഹത്തോടെ, പ്രാർത്ഥനയുടെ ഐക്യത്തിൽ,

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

# കച്ചേരികാര്യങ്ങൾ

1. **രൂപതാദിനം :** നമ്മുടെ രൂപതാദിന ആഘോഷവും, അല്മായ ദൈവശാസ്ത്ര പഠനകേന്ദ്രത്തിന്റെ ഉദ്ഘാടനവും, "ബ്ലെസ് എ ഹോം" (Bless A Home) പദ്ധതിയുടെ ആദ്യ ഗുണഭോക്താക്കൾ ക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും, രൂപതയുടെ നവീകരിച്ച വെബ്സൈറ്റ് ഉദ്ഘാടനവും **ഇരിങ്ങാലക്കുട കത്തീഡ്രൽ പാരിഷ് ഹാളിൽ** വച്ച് **2010 സെപ്തംബർ 6–ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മണിക്ക്** നടത്തുകയാണ്. (സെപ്തംബർ 10–ന് പള്ളികളിലും സ്ഥാപനങ്ങളിലും പ്രത്യേകം പ്രാർത്ഥനകൾ നടത്തി രൂപതാദിനം പ്രത്യേകമായി ആച രിക്കുമല്ലോ). അന്നേദിവസത്തെ പരിപാടികളിൽ ബഹു. വൈദികർ, റീജിയൻസി സഹോദരന്മാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സന്യാസ-സന്യാസിനീ സമൂഹങ്ങളുടെ സുപ്പീരിയേഴ്സ്, നടത്തുകൈക്കാരന്മാർ എന്നിവരും പ്രത്യേകം ക്ഷണിക്കപ്പെട്ട മറ്റു വ്യക്തികളും പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.
2. **പള്ളി കണക്കുകൾ** : ഓഡിറ്റ് ചെയ്തതിന്റെ ബാലൻസ് ഷീറ്റ് രൂപതാ പ്രൊക്കുറേറ്ററിൽ നിന്ന് വാങ്ങി കൊണ്ടുപോകേണ്ടതാണ്.
3. **വൈദികരുടെ മാസധ്യാനം** : സെപ്തംബറിലേത് അതാത് ഫൊറോ നകളിൽ വച്ചായിരിക്കും.
4. **സെപ്തംബർ 8** : പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുന്നാൾ
5. **സെപ്തംബർ 14** : വി. കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ
6. **മിഷൻ സൺഡേ** : ഒക്ടോബർ 24. മിഷൻ ഞായർ കലണ്ടറുകളും കവറുകളും സെപ്തംബർ 25 മുതൽ രൂപതാകേന്ദ്രത്തിൽനിന്ന് കൊണ്ടുപോകാവുന്നതാണ്. രൂപതാ ഡയറക്ടറിയിൽ ചേർത്തിരി ക്കുന്ന വീടുകളുടെ എണ്ണം അനുസരിച്ചാണ് കലണ്ടറുകളും കവറു കളും കൊണ്ടുപോകേണ്ടത്.
7. **2011 ലെ നോമ്പ് - ഉയിർപ്പുകാലങ്ങൾ** : മാർച്ച് 6 നോമ്പ് 1- ാം ഞായർ; മാർച്ച് 7 വിഭൂതി; ഏപ്രിൽ 17 ഓശാന; ഏപ്രിൽ 22 ദുഃഖ വെള്ളി; ഏപ്രിൽ 24 ഉയിർപ്പു ഞായർ; ജൂൺ 12 പന്തക്കുസ്താ തിരു ന്നാൾ
8. 2010 ഏപ്രിൽ 18 മുതൽ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ Emblem ഉള്ള മുദ്രക്കടലാസ് മാത്രമേ നമ്മുടെ രൂപതയിൽ ഉപയോഗിക്കാൻ പാടുള്ളൂ. പഴയ emblem ത്തോടുകൂടിയ മുദ്രക്കടലാസ് കൈവശമു ള്ളവർ രൂപതാഭവനത്തിൽ തിരിച്ചേൽപ്പിച്ച് പുതിയത് വാങ്ങിക്കൊ ണ്ടുപോകേണ്ടതാണ്.

9. രൂപതാസാരഥ്യം ഏറ്റെടുത്തശേഷം പരിശുദ്ധപിതാവിനെ സന്ദർശിക്കാനും ഔദ്യോഗിക ക്ലാസ്സുകളിൽ പങ്കെടുക്കാനും 2010 സെപ്തംബർ 7–ന് റോമിലേക്ക് പോകുന്ന മാർ പോളി കണ്ണൂക്കാടൻ പിതാവിന് പ്രാർത്ഥനാനിർഭരമായ യാത്രാമംഗളങ്ങൾ!! സെപ്തംബർ 29–ന് പിതാവ് തിരിച്ചെത്തുന്നതായിരിക്കും.
10. **രൂപതയിലെ വൈദികരുടെ സ്ഥലമാറ്റം :** 2010 ആഗസ്റ്റ് 12–ാം തിയ്യതി പ്രാബല്യത്തിൽ വന്നു. ഇരിങ്ങാലക്കുട രൂപതയ്ക്ക് മൂന്ന് വികാരി ജനറാൾമാർ (സിഞ്ചെല്ലി) കൂടി.

1. **മോൺ. വിൻസന്റ് ആലപ്പാട്ട് – പ്രോട്ടോസിഞ്ചെല്ലൂസ്** (പ്രഥമ വികാരിജനറാൾ),

*പ്രത്യേക ഭരണചുമതലകൾ :* മാനേജർ, സഹൃദയ എഞ്ചിനീയറിംഗ് കോളേജ്, കൊടകര, ഇരിങ്ങാലക്കുട മേഖലയിലെ ഇടവകകൾ, സന്യസ്തർ, സെമിനാരിക്കാർ, റീജന്റ് ബ്രദേഴ്സ്, കോർപറേറ്റ് എഡ്യുക്കേഷനൽ ഏജൻസി, മറ്റു കത്തോലിക്കാ വിദ്യാലയങ്ങൾ, ആവേമരിയ ടി.ടി.ഐ, പ്രസ്ബിറ്ററൽ കൗൺസിൽ.

2. **ഫാ. ഡേവീസ് അമ്പൂക്കൻ – സിഞ്ചെല്ലൂസ്**

കപ്ലോൻ, ഷേൺസ്റ്റാറ്റ് കോൺവെന്റ്, കാട്ടുങ്ങച്ചിറ,

*പ്രത്യേക ഭരണചുമതലകൾ :* രൂപതാ വൈദികർ, മാള മേഖലയിലെ ഇടവകകൾ, സെന്റ് ജെയിംസ് ആശുപത്രി, സെന്റ് ജെയിംസ് അക്കാദമി, സെന്റ് ജോസഫ്സ് ഭവൻ, ചാലക്കുടി, വിയാനി ഹോം, പുളിയിലക്കുന്ന്, വിദ്യാജ്യോതി, കാറ്റക്കിസം, പ്രസ്ബിറ്റേരിയം.

3. **ഫാ. ജോസ് പാലാട്ടി – സിഞ്ചെല്ലൂസ്**

*പ്രത്യേക ഭരണചുമതലകൾ :* മിഷൻ കോർഡിനേറ്റർ & കപ്ലോൻ,, സീറോ–മലബാർ ചെന്നൈ മിഷൻ, പ്രസിഡണ്ട് 'ബ്ലസ് എ ഹോം' ചാരിറ്റബിൾ ട്രസ്റ്റ്, ഇരിങ്ങാലക്കുട രൂപത

4. **ഫാ. ജോസ് ഇരിമ്പൻ – സിഞ്ചെല്ലൂസ്**

കപ്ലോൻ അൽവേർണിയ കോൺവെന്റ്, ഇരിങ്ങാലക്കുട

*പ്രത്യേക ഭരണചുമതലകൾ :* അല്മായർ, ചാലക്കുടി മേഖലയിലെ ഇടവകകൾ, സോഷ്യൽ ആക്ഷൻ, പ്രസ്ഥാനങ്ങൾ, സംഘടനകൾ, ജീസസ് ട്രെയിനിംഗ് കോളേജ്– മാള, ബി.എൽ.എം.–ആളൂർ, പാക്സ്–കല്ലേറ്റുംകര, സ്വീറ്റ് ഹോം–പുത്തൻചിറ, അഭയഭവൻ പൊറ

ത്തിശ്ശേരി, നവചൈതന്യ, ആളൂർ, സാൻജോസദൻ-ആനന്ദപുരം, അത്മായ ദൈവശാസ്ത്ര കോഴ്സ്, പുരോഹിതരുടെ തുടർപരിശീലനം, പാസ്റ്ററൽ കൗൺസിൽ, ഏകോപനസമിതി

**ഫാ. ജോസ് മാളിയേക്കൽ** - വികാരി, ചാലക്കുടി സെന്റ് മേരീസ് ഫൊറോന പള്ളി & കപ്ലോൻ, അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസ്, എസ്.എച്ച്. കോൺവെന്റ്, ഹോളി ഫാമിലി കോൺവെന്റ് & ശാന്തി ഭവൻ കോൺവെന്റ്

**ഫാ. പയസ് ചിറപ്പണത്ത്** - വികാരി, സെന്റ് ജോർജ്ജ് പള്ളി, പരിയാരം & കപ്ലോൻ, നസറത്ത് സി.എച്ച്.എഫ്. കോൺവെന്റ്, മൗണ്ട് കാർമൽ സി.എം.സി. കോൺവെന്റ്, സെന്റ് ആന്റണീസ് സങ്കേതം സി.എം.സി. കോൺവെന്റ്, പരിയാരം

**ഫാ. വിൻസന്റ് പാറയിൽ** - വികാരി, സെന്റ് സ്റ്റനിസ്ലാവൂസ് ഫൊറോന പള്ളി, മാള, കടുപ്പൂക്കര & കപ്ലോൻ സൊക്കോർസൊ സി.എം.സി. കോൺവെന്റ്, കരുണാഭവൻ എസ്.ഡി. കോൺവെന്റ്, മാള

**ഫാ. ജോൺസൺ മാനാടൻ** - വികാരി, സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന പള്ളി, കുറ്റിക്കാട് & കപ്ലോൻ, സേക്രഡ് ഹാർട്ട് സി.എം.സി. കോൺവെന്റ്, കരുണാലയം എം.എം.ബി, ജീവധാര ഒ.പി. കോൺവെന്റ്, കുറ്റിക്കാട്

**ഫാ. വർഗ്ഗീസ് പാത്താടൻ** - റീജിയണൽ മാനേജിംഗ് ഓഫീസർ ഓഫ് ദീപിക, തൃശ്ശൂർ & കപ്ലോൻ സെന്റ് ജോസഫ്സ് കോൺവെന്റ് കരുവന്നൂർ

**ഫാ. ആന്റു ആലപ്പാടൻ** - എക്സിക്യൂട്ടീവ് ഡയറക്ടർ ഓഫ് സഹൃദയ കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, കൊടകര കൂടി

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ** - എക്സിക്യൂട്ടീവ് ഡയറക്ടർ ഓഫ് സോഷ്യൽ ആക്ഷൻ ഫോറം,സോഷ്യൽ ഫോറം, കൃപാ ഭവൻ & ആശാനിലയം, കൊറ്റനെല്ലൂർ

**ഫാ. പോളി പുതുശ്ശേരി** - ആദ്ധ്യാത്മികപിതാവ് സെന്റ് പോൾസ് മൈനർ സെമിനാരി & കപ്ളോൻ, അഭയഭവൻ- പൊറത്തിശ്ശേരി

**ഫാ. പോളി പടയാട്ടി** - ജഡ്ജി, എപ്പാർക്കിയൽ ട്രൈബ്യൂണൽ & പി.ആർ.ഒ കമ്മിറ്റി അംഗം കൂടി.

**ഫാ. ഡേവീസ് ചെങ്ങിനിയാടൻ** – പ്രോജക്ട് ഓഫീസർ, ഇരിങ്ങാലക്കുട രൂപത

**മിസ്റ്റർ അബ്രാഹം ആലപ്പാട്ട്** – അസിസ്റ്റന്റ് ഫൈനാൻസ് ഓഫീസർ, ഇരിങ്ങാലക്കുട രൂപത

**ഫാ. ജോയ് തറയ്ക്കൽ** – ഡയറക്ടർ, ബെറ്റർ ലൈഫ് മൂവ്മെന്റ്, ആളൂർ, റിട്രീറ്റ് മിനിസ്ട്രി, കരിസ്മാറ്റിക് മൂവ്മെന്റ്, ഇരിങ്ങാലക്കുട രൂപത & കപ്ലോൻ സെന്റ് ജോസഫ്സ് കോൺവെന്റ്, ആളൂർ

**ഫാ. ആന്റോ ചുങ്കത്ത്** – വൈസ് റെക്ടർ, സ്പിരിച്ച്വാലിറ്റി സെന്റർ & ഡയറക്ടർ, പ്രസ്സ് അപ്പസ്റ്റൊലേറ്റ്, ഇരിങ്ങാലക്കുട രൂപത & മാനേജിംഗ് എഡിറ്റർ , കേരള സഭ

**ഫാ. വർഗ്ഗീസ് അരിക്കാട്ട്, ജൂനിയർ** – വികാരി,സെന്റ് മേരീസ് പള്ളി കാട്ടൂർ & കപ്ലോൻ, കാർമൽ ഭവൻ സി.എം.സി. കോൺവെന്റ്, കാട്ടൂർ, മാനേജിംഗ് ട്രസ്റ്റി, സെക്രട്ടറി & ട്രഷറർ , 'ബ്ലെസ് എ ഹോം' ചാരിറ്റബിൾ ട്രസ്റ്റ്, ഇരിങ്ങാലക്കുട രൂപത

**ഫാ. ജോസഫ് കാനംകൂടം** – വൈസ് ചാൻസലർ, ഇരിങ്ങാലക്കുട രൂപത, വികാരി, ഔർ ലേഡി ഓഫ് ഫാത്തിമ പള്ളി, കൊറ്റനെല്ലൂർ & കപ്ലോൻ, ഫാത്തിമ സി.എം.സി. കോൺവെന്റ്, കൊറ്റനെല്ലൂർ

**ഫാ. ബെൻസി ചീനാൻ** – ഫസ്റ്റ് അസ്സോസിയേറ്റ് ഡയറക്ടർ, സോഷ്യൽ ആക്ഷൻ ഫോറം & സോഷ്യൽ ഫോറം, ഇരിങ്ങാലക്കുട രൂപത

**ഫാ. റാഫേൽ പുത്തൻവീട്ടിൽ** – വികാരി, ലിറ്റിൽ ഫ്ളവർ പള്ളി, കുമ്പിടി & കപ്ലോൻ, സെന്റ് ആന്റണീസ് സി.എം.സി കോൺവെന്റ്, കുമ്പിടി.

**ഫാ. വർഗ്ഗീസ് അരിക്കാട്ട്, സീനിയർ** – വികാരി, സെന്റ് ജോസഫ്സ് പള്ളി, പുത്തൻചിറ ഈസ്റ്റ്, – ഡയറക്ടർ & കപ്ലോൻ, സ്വീറ്റ് ഹോം, പുത്തൻചിറ ഈസ്റ്റ്

**ഫാ. ആന്റോ പാറേക്കാടൻ** – വികാരി, സെന്റ് മേരീസ് പള്ളി, കരുവന്നൂർ & കപ്ലോൻ, ഹോളിഎഞ്ചൽസ് എഫ്.സി.സി. കോൺവെന്റ്, കരുവന്നൂർ

**ഫാ. ജോർജ്ജ് കാളൻ** – വികാരി, സെന്റ് ആന്റണീസ് പള്ളി , പാദുവാനഗർ

**ഫാ. വിൽസൺ എലുവത്തിങ്കൽ കൂനൻ** – നടത്തുവികാരി, സെന്റ് സെബാസ്റ്റ്യൻസ് പള്ളി, തൂമ്പാക്കോട് &കപ്ലോൻ, ചാരിറ്റി സി. എസ്. സി. കോൺവെന്റ്, തൂമ്പാക്കോട്

**ഫാ. പോൾ മംഗലൻ** – വികാരി, ഹോളി ഫാമിലി പള്ളി, അവിട്ടത്തൂർ & കപ്ലോൻ,ഹോളി ഫാമിലി കോൺവെന്റ്, അവിട്ടത്തൂർ

**ഫാ. ജോൺ തെക്കേത്തല** – വികാരി, സെന്റ് ജോർജ്ജ് പള്ളി, പുത്തൻവേലിക്കര & കപ്ലോൻ, ചാരിറ്റി സി.എസ്.സി. കോൺവെന്റ്, പ്രേഷിതാരാം സി.പി.എസ്. കോൺവെന്റ്, പുത്തൻവേലിക്കര

**ഫാ. ജോൺസൺ ജി. ആലപ്പാട്ട്** – വികാരി, സെന്റ് ആന്റണീസ് പള്ളി, ചായ്പ്പൻകുഴി & കപ്ലോൻ, നോട്രെഡാം സിസ്റ്റേഴ്സ്, ചായ്പ്പൻകുഴി

**ഫാ. ആന്റോ പാണാടൻ** – നടത്തുവികാരി, ഇൻഫന്റ് ജീസ്സസ് പള്ളി, മേലഡൂർ, & കപ്ലോൻ, സി.എസ്. എം. ഇൻഫന്റ് ജീസ്സസ് കോൺവെന്റ്,മേലഡൂർ, ഡയറക്ടർ, സെന്റ് വിൻസെന്റ് ഡി പോൾ ഹോസ്പിറ്റൽ, മേലഡൂർ.

**ഫാ. ജിജോ ചക്യാത്ത്** – വികാരി, ഔർ ലേഡി ഓഫ് ലൂർദ്സ് പള്ളി, ലൂർദ്പുരം &കപ്ലോൻ, സെന്റ് ആൻസ് സി.എസ്.സി. കോൺവെന്റ്, ലൂർദ്പുരം

**ഫാ. ജിനോജ് കോലഞ്ചേരി** – നടത്തുവികാരി, സെന്റ് ജോർജ്ജ്സ് പള്ളി, മോതിരക്കണ്ണി & കപ്ലോൻ, ഹോളി ഫാമിലി സി.എച്ച്.എഫ്. കോൺവെന്റ്,ഡയറക്ടർ, ചെറുപുഷ്പം മിഷൻ ലീഗ്, ഇരിങ്ങാലക്കുട രൂപത

**ഫാ. ജിജോ വാകപറമ്പിൽ** – വികാരി, സെന്റ് സെബാസ്റ്റ്യൻസ് പള്ളി, വാടച്ചിറ & കപ്ലോൻ, അഡോറേഷൻ കോൺവെന്റ് എസ്.എ.ബി.എസ്. വാടച്ചിറ

**ഫാ. ജോർജ്ജ് പാലമറ്റം** – വികാരി, ലിറ്റിൽ ഫ്ളവർ പള്ളി, പുളിപറമ്പ് & കപ്ലോൻ,സെന്റ് തോമസ് എഫ്.സി.സി. കോൺവെന്റ്

**ഫാ. ബിനോയ് കോഴിപ്പാട്ട്** – വികാരി, സെന്റ് ആന്റണീസ് പള്ളി, കരോട്ടുകര

**ഫാ. ജിനോ മാളക്കാരൻ** – ഫൈനാൻസ് ഓഫീസർ, സഹൃദയ

കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, കൊടകര അസി.വികാരി, സെന്റ് മേരീസ്പള്ളി, പാറേക്കാട്ടുകര

**ഫാ. ലിജോ മഞ്ഞപ്രക്കാരൻ** - വികാരി, മേരി ഇമ്മാക്കുലേറ്റ് പള്ളി, കുണ്ടൂർ, നടത്തുവികാരി, മേരി ഇമ്മാക്കുലേറ്റ് പള്ളി, ആലമറ്റം; കപ്ലോൻ, സെന്റ് ജോസഫ് എസ്.ജെ.ടി. കോൺവെന്റ്, കുണ്ടൂർ; അസി. ഡയറക്ടർ, ബ്ലെസ് എ ഹോം" പ്രോജക്ട് (മാള സോൺ)

**ഫാ. വിൽസൺ കൊടുങ്ങൂക്കാരൻ OFM(Cap).** - വികാരി, ലിറ്റിൽ ഫ്ളവർ പള്ളി, പാറക്കടവ്

**ഫാ. സെബി കൊളങ്ങര** - വികാരി, സെന്റ് മേരീസ് പള്ളി, പടിയൂർ കൂടി

**ഫാ. ആൻഡ്രൂസ് ചെതലൻ** - കപ്ലോൻ, ഹോളി ഫാമിലി സി. എച്ച്. എഫ്.കോൺവെന്റ് & മറിയം ത്രേസ്യ സി. എച്ച്. എഫ്. കോൺവെന്റ്, കുഴിക്കാട്ടുശ്ശേരി

**ഫാ. വിൻസന്റ് ചെമ്പകശ്ശേരി** - കപ്ലോൻ, സെന്റ് മേരീസ് സി. എച്ച്. എഫ്. കോൺവെന്റ് & സെന്റ് ജോസഫ്സ് സി. എച്ച്. എഫ്. കോൺവെന്റ്, കുഴിക്കാട്ടുശ്ശേരി

**ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽ** - കപ്ലോൻ, ആരോഗ്യമാതാ എഫ്. സി.സി. ; അസ്സീസി ഭവൻ, പയസ് Xth എഫ്.സി.സി. കോൺവെന്റ്, കരാഞ്ചിറ

**ഫാ. ജോർജ്ജ് കണ്ടംകുളത്തി** -കപ്ലോൻ, സെന്റ് പോൾസ് എഫ്. സി.സി. കോൺവെന്റ്, വെള്ളിക്കുളങ്ങര

**ഫാ. ഷിബു നെല്ലിശ്ശേരി** -അസി. ഡയറക്ടർ, "ബ്ലെസ് എ ഹോം" പ്രോജക്ട് (ചാലക്കുടി സോൺ)

**ഫാ. അനിൽ പുതുശ്ശേരി** - അസി.വികാരി, സെന്റ് തോമസ് കത്തീഡ്രൽ പള്ളി, ഇരിങ്ങാലക്കുട

**ഫാ. അജിത്ത് ചേരിയക്കര** -അസി.വികാരി, സെന്റ് സ്റ്റനിസ്ലാവൂസ് ഫൊറോന പള്ളി, മാള.

ഫാ. സാബു പയ്യപ്പിള്ളി - അസി.വികാരി, ഔർ ലേഡി ഓഫ് കാർമൽ ഫൊറോന പള്ളി, എടത്തിരുത്തി

**ഫാ. ജെയിംസ് പള്ളിപ്പാട്ട്** – അസി.വികാരി, സെന്റ് തോമസ് ഫൊറോന പള്ളി, അമ്പഴക്കാട്

**ഫാ. വിനീഷ് വട്ടോലി** – അസി.വികാരി, ലിറ്റിൽ ഫ്ളവർ പള്ളി, പോട്ട

**ഫാ. ജിജി കുന്നേൽ** – അസിസ്റ്റന്റ് ഡയറക്ടർ, റിട്രീറ്റ് മിനിസ്ട്രി കൂടി

**ഫാ. അനിൽ ജോൺ കൈപറമ്പാടൻ (O'Carm.)** – അസി. വികാരി, മൂന്നുമുറി

**ഫാ. ഡേവിസ് കളപ്പുരയ്ക്കൽ** – ഇന്റേണൽ ഓഡിറ്റർ, സോഷ്യൽ ആക്ഷൻ, സാൻജോ ഐ.ടി.സി., ആശാനിലയം, കൃപാഭവൻ & ആശാഭവൻ

**ഫാ. ജോർജ്ജ് വേഴപ്പറമ്പിൽ** – മെംബർ, ജസ്റ്റീസ് ഫോറം, ഇരിങ്ങാലക്കുട രൂപത കൂടി

**ഫാ. ജോർജ്ജ് പാറേമൻ** – ഇന്റേണൽ ഓഡിറ്റർ, കോർപ്പൊറെയ്റ്റ് എഡ്യൂക്കേഷണൽ ഏജൻസി, ബി.എഡ്. കോളേജ്, മാള; ആവേ മരിയ ടി.ടി.ഐ. & ടീച്ചേഴ്സ് ഗിൽഡ്.

## *P.R.O. അംഗങ്ങൾ*

ഫാ. ആന്റോ ചുങ്കത്ത് (കൺവീനർ), ഫാ. പോളി പടയാട്ടി, ഫാ. ജോയ് പാല്യേക്കര, സി. ഡോ. ആനി കുര്യാക്കോസ്, പ്രൊഫ. പി.എൽ. ആന്റണി

## Granted Leave

| | | |
|---|---|---|
| ഫാ. ആന്റണി തെക്കിനേത്ത് | – | സിക്ക് ലീവ് |
| ഫാ. ഡേവീസ് കൂട്ടാല | – | സ്റ്റഡി ലീവ് |
| ഫാ. സജി വലിയവീട്ടിൽ | – | സ്റ്റഡി ലീവ് |
| ഫാ. മനോജ് കരിപ്പായി | – | സ്റ്റഡി ലീവ് |
| ഫാ. ജോസഫ് ചെറുവത്തൂർ | – | സ്റ്റഡി ലീവ് |
| ഫാ. സണ്ണി ജോസഫ് മണ്ടകത്ത് | – | സ്റ്റഡി ലീവ് |

## Relieving Orders

ഫാ. ഡേവീസ് അമ്പൂക്കൻ - വികാരി & കപ്ലോൻ, മാള ഫൊറോന

ഫാ. ജോസ് പാലാട്ടി - ഡയറക്ടർ, സോഷ്യൽ ആക്ഷൻ, സോഷ്യൽ ഫോറം, എക്സിക്യൂട്ടീവ് ഡയറക്ടർ "ബ്ളെസ് എ ഹോം" പ്രോജക്ട്, ഡയറ്ക്ടർ, ആശാനിലയം & കൃപാഭവൻ, കൊറ്റനെല്ലൂർ

ഫാ. ജോസ് ഇരിമ്പൻ - എക്സിക്യൂട്ടീവ് ഡയറക്ടർ, സഹൃദയ കോളേജ് ഓഫ് എഞ്ചിനിയറിംഗ് ടെക്നോളജി, കൊടകര

ഫാ. ജോസ് മാളിയേക്കൽ - സീറോ-മലബാർ മിഷൻ, ചെന്നൈയിലെ എല്ലാ ചുമതലകളും

ഫാ. ആന്റു ആലപ്പാടൻ -ഫിനാൻസ് ഓഫീസർ, സഹൃദയ എഞ്ചിനീയറിംഗ് കോളേജ്, കൊടകര

ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ - വികാരി & കപ്ലോൻ, വാടച്ചിറ

ഫാ. ജോയ് തറയ്ക്കൽ - വൈസ് റെക്ടർ, സ്പിരിചാലിറ്റി സെന്റർ

ഫാ. ആന്റോ ചുങ്കത്ത് - ഡയറ്ക്ടർ, ബി.എൽ.എം., ആളൂർ, കപ്ലോൻ, സെന്റ് ജോസഫ്സ് കോൺവെന്റ്, ആളൂർ

ഫാ. റാഫേൽ പുത്തൻവീട്ടിൽ - ആദ്ധ്യാത്മികപിതാവ് മൈനർ സെമിനാരി & കപ്ലോൻ അൽവേർണിയ, ഇരിങ്ങാലക്കുട

ഫാ. വിൽസൺ എലുവത്തിങ്കൽ കൂനൻ - കപ്ലോൻ മറിയം ത്രേസ്യ & ഹോളി ഫാമിലി സി.എച്ച്. എഫ്. കോൺവെന്റുകൾ, കുഴിക്കാട്ടുശ്ശേരി

ഫാ. ജോർജ്ജ് പാലമറ്റം - കപ്ലോൻ, സെന്റ് മേരീസ് & സെന്റ് ജോസഫ്സ് സി.എച്ച്.എഫ്, കോൺവെന്റ്സ്, കുഴിക്കാട്ടുശ്ശേരി

ഫാ. സെബാസ്റ്റ്യൻ ഈഴേക്കാടൻ - കപ്ലോൻ, ഷേൺസ്റ്റാറ്റ് കോൺവെന്റ്, കാട്ടുങ്ങച്ചിറ

ഫാ. പ്ളോജൻ കണ്ണമ്പുഴ - ഡയറക്ടർ, ചെറുപുഷ്പം മിഷൻ ലീഗ്

ഫാ. ജോജി കല്ലിങ്കൽ - ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

**രൂപതാകാര്യാലയം** **ഫാ. വിൻസെന്റ് ആലപ്പാട്ട്**
24.08.2010 വികാരി ജനറാൾ

# രൂപതാദിനം - 2010
## സെപ്തംബർ 6, തിങ്കൾ

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സുഹൃത്തെ,

*രൂപതാഭവനത്തിൽ നിന്ന് ആശംസകൾ!*

നമ്മുടെ രൂപതാദിന ആഘോഷവും അല്മായ ദൈവശാസ്ത്ര പഠനകേന്ദ്രത്തിന്റെ ഉദ്ഘാടനവും "ബ്ലസ് എ ഹോം" (Bless A Home) പദ്ധതിയുടെ ആദ്യ ഗുണഭോക്താക്കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും, രൂപതയുടെ നവീകരിച്ച വെബ്സൈറ്റ് ഉദ്ഘാടനവും **ഇരിങ്ങാലക്കുട കത്തീഡ്രൽ പാരിഷ് ഹാളിൽ** വച്ച് **2010 സെപ്തംബർ 6-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മണിക്ക്** നടത്തുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത **മാർ ആൻഡ്രൂസ് താഴത്ത്**, ബഹു. മുൻ സംസ്ഥാനമന്ത്രി **ശ്രീ. കെ.എം. മാണി**, പിതാക്കന്മാരായ **മാർ പോളി കണ്ണൂക്കാടൻ, മാർ ജെയിംസ് പഴയാറ്റിൽ** എന്നീ മഹനീയ വ്യക്തികൾ പ്രസ്തുത പരിപാടികളിൽ പങ്കെടുക്കുന്നതാണ്. അങ്ങയുടെ സാന്നിധ്യം സാദരം ക്ഷണിക്കുന്നു. കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ.

## പരിപാടികൾ

| | | | |
|---|---|---|---|
| 09.30 | a.m. | : | രജിസ്ട്രേഷൻ, ചായ |
| 10.00 | a.m. | : | പ്രാർത്ഥനാശുശ്രൂഷ |
| 10.30 | a.m. | : | പൊതുമീറ്റിംഗ് |
| 12.45 | p.m. | : | സ്നേഹവിരുന്ന് |

രൂപതാഭവനം
24.08.2010

**മോൺ. വിൻസെന്റ് ആലപ്പാട്ട്**
പ്രോട്ടോസിൻചെല്ലൂസ്

## വൈദികരുടെ ശ്രദ്ധയ്ക്ക് :

**2010 ഏപ്രിൽ 18 മുതൽ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ Emblem ഉള്ള മുദ്രക്കടലാസ് മാത്രമേ നമ്മുടെ രൂപതയിൽ ഉപയോഗിക്കാൻ പാടുള്ളൂ. പഴയ emblem ത്തോടുകൂടിയ മുദ്രക്കടലാസ് കൈവശമുള്ളവർ രൂപതാഭവനത്തിൽ തിരിച്ചേൽപ്പിച്ച് പുതിയത് വാങ്ങിക്കൊണ്ടുപോകേണ്ടതാണ്.**

# മതബോധനം

1. **ബൈബിൾ കലോത്സവം :** സെപ്തംബർ 25-ന് മുമ്പായി ഫൊറോന തല മത്സരങ്ങൾ നടത്തി രൂപതാതല മത്സരങ്ങൾക്ക് പേരുകൾ നല്കേണ്ടതാണ്.

2. **സൺഡേ സ്ക്കൂൾ അർദ്ധവാർഷിക പരീക്ഷ:**

   സെപ്തംബർ 19 ഞായർ : Std I-VII : 2.00 p.m. - 4.00 p.m.

   ഒക്ടോബർ 3 ഞായർ : Std VIII-XII : 2.00 p.m. - 4.00 p.m.

3. **B.C.T.കോഴ്സ് :** വിദ്യാജ്യോതിയിൽ വെച്ച് സെപ്തംബർ 10,11,12 തിയ്യതികളിൽ 9.00 a.m. മുതൽ 4.00 p.m. വരെ B.C.T. കോഴ്സിന്റെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ഫീസ് 150 രൂപ. വിശ്വാസപരിശീലന മേഖലയിൽ സേവനം ചെയ്യുന്ന എല്ലാ നവാധ്യാപകരും സംബന്ധിക്കേണ്ടതാണ്.

4. **ബൈബിൾ ക്വിസ് പരീക്ഷ :** സെപ്തംബർ 12 ഞായർ : Std. VIII, IX (മത്തായി 1-14 അധ്യായങ്ങൾ)

5. **'ഗുരുദർശൻ' ധ്യാനം :** മതാധ്യാപക ധ്യാനത്തിനുള്ള രജിസ്ട്രേഷൻ സെപ്തംബർ 15-ന് ആരംഭിക്കുന്നതാണ്.

   രജിസ്ട്രേഷൻ ഫീസ് : 150 രൂപ.

## Daily Catechism & Moral Science

1. വർഷാരംഭ റിപ്പോർട്ട് നല്കാത്ത സ്ക്കൂളുകൾ കഴിയുംവേഗം നല്കേണ്ടതാണ്.
2. സെപ്തംബർ 7-ാം തിയ്യതി മുതൽ ചോദ്യപേപ്പറുകൾ സ്ക്കൂളിലേക്ക് കൊണ്ടുപോകാവുന്നതാണ്.
3. സ്ക്കൂൾ മതബോധന കലണ്ടറിൽ കൊടുത്തിരിക്കുന്ന പരീക്ഷ തിയ്യതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. XI, XII ക്ലാസ്സുകൾക്ക് ഇംപ്രൂവ്മെന്റ് പരീക്ഷ നടക്കുന്നതിനാൽ സെപ്തംബർ 14-ാം തിയ്യതി ചൊവ്വാഴ്ച നടത്താനിരുന്ന പരീക്ഷ സെപ്തംബർ 24-ാം തിയ്യതിയായിരിക്കും. I മുതൽ X വരെ ക്ലാസ്സുകൾക്ക് സെപ്തംബർ 14-ന് തന്നെയായിരിക്കും.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

# സഭാവാർത്തകൾ

1. **വത്തിക്കാൻ ലൈബ്രറി വീണ്ടും പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നു**

മൂന്നുവർഷമായി പരിഷ്കരണ പ്രവർത്തനങ്ങളോടനുബന്ധിച്ച് പൂട്ടിക്കിടന്നിരുന്ന വത്തിക്കാൻ ലൈബ്രറി, സെപ്തംബർ 20-ാം തിയ്യതി മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നു. ലോകത്തിലെ അതിപുരാതനവും വിലമതിക്കാനാവാത്തതുമായ ഒട്ടനവധി രേഖകളും പുസ്തകങ്ങളും സൂക്ഷിച്ചിട്ടുള്ള ലൈബ്രറിയാണ്, വത്തിക്കാൻ ലൈബ്രറി.

2. **ആർച്ച് ബിഷപ്പ് ഡെസ്മണ്ട് ട്ടുട്ടു വിരമിക്കുന്നു**

എഴുപത്തൊൻപതു വയസ്സു പൂർത്തിയായ സൗത്ത് ആഫ്രിക്കയിലെ പ്രശസ്തനായ ആർച്ച്ബിഷപ്പ് ഡെസ്മണ്ട് ട്ടുട്ടു, തന്റെ സംഭവബഹുലമായ പൊതുപ്രവർത്തന മേഖലകളിൽ നിന്നും ഒക്ടോബർ മാസത്തിൽ വിരമിക്കുന്നതായി പ്രഖ്യാപിച്ചു. സൗത്ത് അഫ്രിക്കയിൽ നിലനിന്നിരുന്ന വർണ്ണവിവേചനത്തിനെതിരെ ശക്തമായി പോരാടുകയും കറുത്ത വർഗ്ഗക്കാരുടെ അവകാശങ്ങൾക്ക് വേണ്ടി ശക്തിയുക്തം വാദിക്കുകയും ചെയ്ത വ്യക്തിയാണ് ആർച്ച്ബിഷപ്പ് ട്ടുട്ടു. സമാധാനത്തിനുള്ള നൊബേൽ സമ്മാനവും അദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ട്.

3. **ചൈനയിൽ സഭ വളരുന്നു**

കഴിഞ്ഞ ഏതാനും വർഷങ്ങളായി ചൈനയിൽ കത്തോലിക്കസഭയ്ക്ക് അഭൂതപൂർവ്വമായ വളർച്ചയുള്ളതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. വേൾഡ് കൗൺസിൽ ഓഫ് ചർച്ച്സിന്റെ (WCC) അന്തർദേശീയ കാര്യാലയത്തിന്റെ ഡിറക്ടറായ മാത്യൂസ് ജോർജ്ജ് ചുന്നക്കര ഈ കാര്യം സ്ഥിരീകരിക്കുന്നു.

4. **ചൈനയിൽ വൈദികൻ അറസ്റ്റിൽ**

ചൈനയിലെ വൈദികനായ ഫാ. പീറ്റർ വാങ് സോങിനെ ചൈനീസ് പൊലീസ്, ജൂലൈ മാസത്തിൽ അറസ്റ്റ് ചെയ്തു. ഗവണ്മെന്റിനെ പിന്തുണയ്ക്കുന്ന പാട്രിയോട്ടിക് സഭയിൽ ചേർന്ന് പ്രവർത്തിക്കാത്തതിനാലാണ് അറസ്റ്റ് ചെയ്തത്.

5. **ലോ കമ്മീഷൻ പുതിയ നിയമത്തെക്കുറിച്ച് ആലോചിക്കുന്നു**

മതംമാറ്റവുമായി ബന്ധപ്പെട്ട് നിയമക്രമങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്

പുതിയ ഒരു നിയമം പാസ്സാക്കുന്നതിന് ഇന്ത്യ ഗവണ്മെന്റിനോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. റിട്ടയേർഡ് സുപ്രീം കോർട്ട് ജഡ്ജ് പി.വി. റെഡ്ഢിയുടെ നേതൃത്വത്തിലാണ് ഇതിന് നീക്കം. കമ്മീഷൻ പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങൾ ക്ഷണിച്ചിരിക്കുന്നു. അനുകൂലവും പ്രതികൂലവുമായ പല അഭിപ്രായങ്ങളും കമ്മീഷന് ഇതിനോടകം ലഭിച്ചുകഴിഞ്ഞു.

6. **ബോംബെയിൽ ക്രിസ്ത്യാനികൾക്ക് നേരെ ആക്രമണം**

   ആഗസ്റ്റ് 2-ന് നടന്ന സി.എൻ.ഐ. സഭയുടെ ഒരു യോഗത്തിൽ ഏതാനും സാമൂഹ്യദ്രോഹികൾ അക്രമം അഴിച്ചുവിടുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. എട്ട് പേർക്ക് പരിക്കേറ്റിട്ടുണ്ട്.

7. **ലക്നൗവിൽ ബൈബിൾ വിദ്യാർത്ഥികൾക്ക് നേരെ പൊലീസ് അതിക്രമം**

   ജൂലൈ 24-ാം തിയ്യതി ലക്നൗവിൽ വച്ച് ബൈബിൾ വിദ്യാർത്ഥികളെ ഉത്തർപ്രദേശ് പൊലീസ് ആക്രമിക്കുകയും മതംമാറ്റ നിയമപ്രകാരം അറസ്റ്റ് ചെയ്യുകയും ചെയ്തു.

8. **കാണ്ഡമാൽ അക്രമിക്ക് ഏഴുവർഷം തടവുശിക്ഷ**

   കാണ്ഡമാലിൽ ക്രിസ്ത്യാനികൾക്ക് നേരെ നടന്ന അതിക്രൂരമായ ആക്രമണങ്ങൾക്ക് നേതൃത്വം നല്കിയ ബി.ജെ.പി. എം.എൽ.എ. മനോജ് പ്രധാനെ ഏഴുവർഷത്തേയ്ക്ക് കഠിനതടവിന് കോടതി ശിക്ഷിച്ചു.

9. **പ്രസിഡന്റ് പ്രതിഭാ പാട്ടീൽ, അൽഫോൻസമ്മയുടെ സവിധത്തിൽ:**

   ആഗസ്റ്റ് 12-ാം തിയ്യതി, പ്രതിഭാ പാട്ടീൽ ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിക്കുകയും ഒരു ലക്ഷത്തോളം വരുന്ന വിശ്വാസികളെ അഭിസംബോധന ചെയ്യുകയും ചെയ്തു. തന്റെ പ്രസംഗത്തിൽ കേരളത്തിൽ നിലനില്ക്കുന്ന മതസൗഹാർദ്ദം പരിരക്ഷിക്കുവാൻ എല്ലാവരും പ്രതിജ്ഞാബദ്ധരാണെന്ന് സ്ഥാപിച്ചു. സ്വന്തം വേദനകളെ മറന്ന് മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി പ്രാർത്ഥിച്ചിരുന്ന അൽഫോൻസമ്മ വിശിഷ്ടമായ സഹനത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്തമ ഉദാഹരണമാണെന്ന് പ്രസ്താവിച്ചു.

10. **ഇന്ത്യൻ നുൺഷ്യോ-ആർച്ച് ബിഷപ്പ് പിനാഷിയോ** ചുമതലയേറ്റു.

**റവ. ഡോ. റാഫേൽ അമ്പാടൻ**
മംഗലപ്പുഴ സെമിനാരി, ആലുവ

# സോഷ്യൽ ആക്ഷൻ

1. ആഗസ്റ്റ് 15 മുതൽ 22 വരെ ദിവസങ്ങളിൽ 'ഗ്രാമശ്രീ' വനിത സ്വാശ്രയ സംഘങ്ങളുടെ സഹകരണത്തോടെ 2 ഫെഡറേഷനിലും 34 യൂണിറ്റുകളിലും "ഗ്രാമശ്രീ ഓണമേള 2010." ഗ്രാമശ്രീ സംഘങ്ങളുടെ വരുമാനദായക സംരംഭങ്ങളിലൂടെയുള്ള ഉൽപന്നങ്ങളുടെ പ്രദർശനവും വില്പനയും വിജയകരമായി സംഘടിപ്പിച്ചു.
2. സോഷ്യൽ ആക്ഷൻ ഫോറം IBC യുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന സാമൂഹ്യ ക്ഷീര കാർഷിക വികസന പദ്ധതിയുടെ ഭാഗമായി മാള ഫൊറോനയിൽപ്പെട്ട 10 ഇടവകകളിൽ ക്ഷീരവികസനപദ്ധതി നടപ്പിലാക്കുന്നു. തൊഴുത്ത്, പശു, വാഴ - നെല്ല് - മരച്ചീനി കൃഷി, അടുക്കളത്തോട്ടം, ബോധവൽക്കരണ സെമിനാറുകൾ എന്നിവയ്ക്കുവേണ്ട വിവിധ സഹായങ്ങളാണ്. ഈ പദ്ധതി വഴി നല്കുന്നത്.

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ,** ഡയറക്ടർ

---

# ചെന്നൈ മിഷൻ വാർത്തകൾ

1. ചെന്നൈ സീറോ മലബാർ മിഷന്റെ പുതിയ കോ-ഓർഡിനേറ്റർ **മോൺ. ജോസ് പാലാട്ടി** ആഗസ്റ്റ് 15-ാം തിയ്യതി ചാർജ്ജെടുത്തു. അന്നേ ദിവസം രാവിലെ 8 മണിക്ക് സെന്റ് തോമാസ് പാസ്റ്ററൽ സെന്ററിൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും അയനാവരം സെന്റ് തോമാസ് ഇടവകാംഗങ്ങളും ചേർന്ന് അച്ചന് സ്വീകരണം നല്കി.
2. നീലാങ്കര St. Camillus ദേവാലയത്തിന്റെ അടിസ്ഥാനശിലയുടെ ആശീർവാദം സെപ്തംബർ 5 ഞായറാഴ്ച രാവിലെ 10 മണിക്ക് ചെന്നൈ മിഷൻ ഇൻചാർജ്ജ് **അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ്** നിർവ്വഹിക്കും.
3. Mugapair Holy Cross ദേവാലയത്തിൽ വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ സെപ്തംബർ 5 ഞായറാഴ്ച ആഘോഷിക്കുന്നു.
4. ആഗസ്റ്റ് 19 മുതൽ 22 വരെ മൗണ്ട് സെന്റ് തോമാസിൽ നടന്ന 3-ാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ ചെന്നൈയിലെ സീറോ മലബാർസഭയുടെ പ്രതിനിധികളായി കോ-ഓർഡിനേറ്റർ മോൺ. ജോസ് പാലാട്ടിയും, അല്മായ പ്രതിനിധികളായി പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജേക്കബ് ചാക്കാത്തറയും, ശ്രീമതി മേരിക്കുട്ടി വർഗ്ഗീസും, യുവജന പ്രതിനിധിയായി മിസ് ശില്പ വിൽസനും പങ്കെടുത്തു.

**മോൺ. ജോസ് പാലാട്ടി (കോ-ഓർഡിനേറ്റർ)**

**ഫാ. റോയ് പാനികുളങ്ങര (വൈദിക സെക്രട്ടറി)**

# സെന്റ് പോൾസ് മൈനർ സെമിനാരി

1. വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ന് ആഘോഷിച്ചു.
2. ആഗസ്റ്റ് 5-ന് മാസധ്യാനത്തിന് റവ. ഡോ. പോളി പടയാട്ടി നേതൃത്വം നല്കി.
3. ആഗസ്റ്റ് 10-ന് സെമിനാരി സ്റ്റാഫ് മീറ്റിംഗ് കൂടുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ കഴിഞ്ഞ 4½ വർഷം സെമിനാരിയിൽ ആദ്ധ്യാത്മിക പിതാവായി വിശിഷ്ടസേവനം കാഴ്ചവച്ച ബഹു. റാഫേൽ പുത്തൻവീട്ടിലച്ചന് അഭിവന്ദ്യപിതാക്കന്മാരുടെ സാന്നിധ്യത്തിൽ നന്ദി അർപ്പിച്ചു.
4. ആഗസ്റ്റ് 12-ന് അദ്ധ്യാത്മിക പിതാവായി ചാർജ്ജെടുത്ത ബഹു. പോളി പുതുശ്ശേരിയച്ചനെ സെമിനാരികുടുംബം സ്വീകരിച്ചു.
5. ആഗസ്റ്റ് 15-ന് പരി. കന്യകാമാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും, ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും ആഘോഷിച്ചു. ബഹു. പോളി പുതുശ്ശേരിയച്ചൻ ദേശീയപതാക ഉയർത്തി.
6. ആഗസ്റ്റ് 22-ന് സെമിനാരികുടുംബം ഓണം ആഘോഷിച്ചു.
7. സെമിനാരിയിൽ ആഗസ്റ്റ് 22 മുതൽ 30 വരെ ഓണാവധി ആയിരുന്നു.
8. സെപ്തംബർ 1 മുതൽ 5 വരെ സെമിനാരി വിദ്യാർത്ഥികൾക്ക് വാർഷികധ്യാനമാണ്. അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവാണ് ധ്യാനം നടത്തുക.
9. സെമിനാരിയിലേക്ക് തെരട്ട് വിഹിതമായി 6 ലക്ഷം രൂപയും, ബൈനേഷൻ വിഹിതമായി 2,85,550/- രൂപയും ലഭിച്ചിട്ടുണ്ട്.

**സാമ്പത്തിക സഹായം നല്കിയവർ**

1. Mr. Joy Manjaly (Late), S/o. Thomas & Elia, Chengalur
2. Mr. C.V. Devassy (Late), C/o. Fr. Davis ChengTiniyadan
3. Mrs. Rosy Lonappan, Alappattu Thoppil, Karanchira

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ

# സംഘടനാവാർത്തകൾ...

## അവാർഡ്

### 1. Spiritual Renewal Day

1. ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനുമുള്ള മാസധ്യാനം സെപ്തംബർ ഒന്നിന് ബുധനാഴ്ച രാവിലെ 8 മണി മുതൽ വൈകിട്ട് 4.30 വരെ പരിയാരം CSR വച്ച് നടത്തപ്പെടുന്നു.
2. സൗജന്യ മെഡിക്കൽ ക്യാമ്പ്: ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റലിന്റെ സഹായസഹകരണത്തോടെ കൊടകര പഞ്ചായത്തിലെ പുലിപ്പാറക്കുന്ന് ആവേമരിയ TTI കോളേജിൽവച്ച് സെപ്തംബർ മാസത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തപ്പെടുന്നു.
3. ഓണാഘോഷം : അവാർഡ് കുടുംബം ഒന്നാകെ ആഗസ്റ്റ് 21-ന് ഓണം ആഘോഷിച്ചു.
4. AVARD Team Meeting : ആഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും സെപ്തംബറിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് ആസൂത്രണം ചെയ്യുന്നതിനുമായി സെപ്തംബർ 2-ാം തിയ്യതി ടീം അവാർഡിൽ ഒത്തുചേരുന്നു.

### II. Family Development Department

1. വിവിധ മാനസിക - കുടുംബ പ്രശ്നങ്ങളുമായി വരുന്നവർക്ക് വിദഗ്ദ്ധരായ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നു.
2. **ബോധവൽക്കരണ സെമിനാർ** : മേലൂർ പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിൽവച്ച് ആശാ വർക്കേഴ്സിനുവേണ്ടി 28-ാം തിയ്യതിയും, കൂടപ്പുഴ നിത്യസഹായമാതാ പള്ളിയിലെ അമ്മമാർക്കുവേണ്ടി 11-ാം തിയ്യതിയും "കൗൺസിലിങ്ങിന്റെ പ്രാധാന്യം, മക്കളെ വളർത്തുന്നതിൽ മാതാപിതാക്കൾക്കുള്ള പങ്ക്, ഗാർഹികാതിക്രമനിയമം" മുതലായ വിഷയങ്ങളെ ആസ്പദമാക്കി ഏകദിന സെമിനാർ നടത്തപ്പെടുന്നു.
3. **Field School Level Counselling** : ചാലക്കുടി എസ്.എച്ച്. കോളേജിൽവച്ച് എല്ലാ വ്യാഴാഴ്ചകളിലും കൗൺസലിംഗ് നടത്തപ്പെടുന്നു.

### III. Community Based Organization Programme

1. അതിരപ്പിള്ളി, കോടശ്ശേരി, പരിയാരം, മറ്റത്തൂർ, വരന്തരപ്പിള്ളി

പഞ്ചായത്തുകളിലെ ദേശം വികസന സംഘടനകളിലെ ചിൽഡ്രൻസ് ക്ലബുകളെ പങ്കെടുപ്പിച്ചുകൊണ്ട് പൂക്കളമത്സരവും ഓണാഘോഷവും ആഗസ്റ്റ് 28 ശനിയാഴ്ച അവാർഡിൽവച്ച് നടത്തുന്നു.

2. 5 പഞ്ചായത്തുകളിലെയും ദേശം വികസന സംഘടനകൾ സൊസൈറ്റികളിൽ വച്ച് സ്വാതന്ത്ര്യദിനാഘോഷവും പൂക്കളമത്സരവും നടത്തപ്പെടുന്നു.

## IV. Agriculture Department Programme

1. **ഓസോൺ ദിനാഘോഷം:** ലോക ഓസോൺ ദിനത്തിൽ സെപ്തംബർ 16-ന് കൊടകര പഞ്ചായത്തിലെ പുലിപ്പാറക്കുന്ന് കമ്മ്യൂണിറ്റി ഹാളിൽവച്ച് **"Global Warming"** എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്തുന്നു.
2. **ഫലവൃക്ഷതൈ വിതരണം :** കൊടകര പഞ്ചായത്തിലെ കാരത്തോട് നീർത്തട പദ്ധതി പ്രദേശത്തെ കർഷക ഗുണഭോക്താക്കൾക്കായി 510 ഹൈബ്രീഡ് തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നു.
3. **ടെറാകോട്ട - മണ്ണിര ടാങ്ക് വിതരണം :** ജൈവകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കമ്പോസ്റ്റ് നിർമ്മാണത്തെക്കുറിച്ച് പരിശീലന പരിപാടിയും, ഇടത്തരക്കാരനും വീട്ടുമുറ്റത്ത് കമ്പോസ്റ്റ് ഉണ്ടാക്കാനാകും വിധം ടെറാകോട്ട ടാങ്ക് വിതരണവും കൊടകര പഞ്ചായത്ത് ഹാളിൽവച്ച് സെപ്തംബർ 9-ന് നടത്തുന്നു.

## V. Micro Enterprises Department

അവാർഡിന്റെ നേതൃത്വത്തിൽ 7-ാം ഘട്ട ഗൃഹോപകരണ പദ്ധതിയിലെ മുഴുവൻ തുകയും അടച്ചവർക്ക് ഓണത്തോടനുബന്ധിച്ച് ഗൃഹോപകരണങ്ങൾ കാലാവധിക്കുമുമ്പേ വിതരണം ചെയ്യുന്നു.

## VI. Tribal Department Programme

അവാർഡിന്റെ ജൂബിലി വർഷത്തിലെ ഓണാഘോഷം ആദിവാസികളോടൊത്ത് സംഘടിപ്പിച്ചിരിക്കുന്നു.

## VII. Tsunami Rahabilitation Programme

അഴിക്കോട് 40/92 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 52 വീടുകളുടെ പണികൾ ദ്രുതഗതിയിൽ നടക്കുകയും ചെയ്യുന്നു. തളിക്കുളത്തെ 40 വീടുകളുടെ നിർമ്മാണപ്രവർത്തനങ്ങളും ദ്രുതഗതിയിൽ നടന്നുവരുന്നു.

**ഫാ. ലിജു പോൾ പറമ്പത്ത്**
എക്സി. ഡയറക്ടർ

## ഫ്രാൻസിസ്കൻ അസ്സോസിയേഷൻ

**സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ :**
ഇരിങ്ങാലക്കുട രൂപത അല്മായ ഫ്രാൻസിസ്കൻ സഭയുടെ ആഭിമുഖ്യത്തിൽ നടത്തിയ അസ്സീസി ക്വിസ് പരീക്ഷ നടത്തുവാൻ സഹകരിച്ച ബഹു. അച്ചന്മാർക്കും പരീക്ഷ എഴുതിയവർക്കും പ്രത്യേകം നന്ദി.

**കാനോനിക സാഹോദര്യ സന്ദർശനം :**
സെപ്തംബർ 15-ാം തിയ്യതി കഴിഞ്ഞുവരുന്ന ഞായറാഴ്ചകളിൽ SFO യൂണിറ്റുകളിൽ കാനോനിക സാഹോദര്യ സന്ദർശനം നടത്തുന്നു. യൂണിറ്റു ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കുക.

**ഫാ. ട്രീജോ ചക്കാലയ്ക്കൽ (OFM Cap.)**
ഡയറക്ടർ

## ബെറ്റർ ലൈഫ് മൂവ്മെന്റ്

1. **ആന്തരികസൗഖ്യ വചന അനുഭവധ്യാനം:**
ബ്ര. ജോയ് കല്ലൂക്കാരന്റെ നേതൃത്വത്തിലുള്ള ഹെബ്രോൻ ടീം നയിക്കുന്നത്: സെപ്തംബർ 5 ഞായർ - സെപ്തംബർ 9 വ്യാഴം.
2. **കൗൺസിലേഴ്സിനുവേണ്ടി പരിശീലനധ്യാനം:**
രൂപതാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം നേതൃത്വം നല്കുന്നു. സെപ്തംബർ 10 വെള്ളി 9.30 a.m. - സെപ്തംബർ 12 ഞായർ 3.30 p.m.
3. **ആന്തിരികസൗഖ്യധ്യാനം** :
ബ്ര. പൗലോസ് പഞ്ഞിക്കാരനും ടീമും നയിക്കുന്നു.
സെപ്തംബർ 12 ഞായർ - സെപ്തംബർ 16 വ്യാഴം.
4. **ആന്തരികസൗഖ്യ പരിശുദ്ധാത്മാഭിഷേകധ്യാനം:**
ഫാ. ഫ്രാൻസിസ് കാവിൽ & ടീം നയിക്കുന്നു.
സെപ്തംബർ 16 വ്യാഴം - സെപ്തംബർ 19 ഞായർ.
5. **ആന്തരികസൗഖ്യ ആബാ അനുഭവധ്യാനം:**
ബ്ര. കുട്ടനും ടീമും നയിക്കുന്നു.
സെപ്തംബർ 19 ഞായർ - സെപ്തംബർ 23 വ്യാഴം.
6. **ആന്തരികസൗഖ്യധ്യാനം** : ബ്ര. വിൻസെന്റ് ചെങ്ങിനിയാടനും ടീമും നയിക്കുന്നു. സെപ്തംബർ 26 ഞായർ - സെപ്തംബർ 30 വ്യാഴം.
7. **രൂപത മദ്ധ്യസ്ഥപ്രാർത്ഥനാദിനം:**
സെപ്തംബർ 8 ബുധൻ രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റ

ത്തിന്റെ നേതൃത്വത്തിൽ രൂപത മദ്ധ്യസ്ഥ പ്രാർത്ഥനാദിനം. അഭിവന്ദ്യ പിതാവിന്റെ ആശയം അനുസരിച്ചുള്ള രൂപതാ ധ്യാന സംവിധാനങ്ങൾ ആളൂർ ബി.എൽ.എം.-ൽ രൂപപ്പെടുന്നതിനുവേണ്ടി **സെപ്തംബർ 9 വ്യാഴം മുതൽ ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ** ബി.എൽ. എം. ചാപ്പലിൽ പരിശുദ്ധ കുർബാന എഴുന്നെള്ളിച്ചുവച്ചുള്ള മദ്ധ്യസ്ഥ പ്രാർത്ഥന **രാവിലെ 9.30 മുതൽ വൈകിട്ട് 4.00 വരെ.** രൂപതയിലെ എല്ലാ ഇടവകകളിൽനിന്നും വിശ്വാസികൾ ഈ പ്രാർത്ഥനാശുശ്രൂഷ യിൽ പങ്കെടുക്കുവാൻ താത്പര്യപ്പെടുന്നു.

8. **ഒക്ടോബർ 4, തിങ്കൾ :** ബി.എൽ.എം. വിശുദ്ധീകരണദിനമായി ആച രിക്കുന്നു.

**ഫാ. ജോയ് തറയ്ക്കൽ**
ഡയറക്ടർ, ബി.എൽ.എം. & കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

## ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ

**Feast - September**

21. Fr. Jaison Karippai
    Fr. Gigi Kunnel
    Fr. Joji Palamattom
27. Msgr. Vincent Alappat
    Fr. Vincent Chalissery
    Fr. Vincent Chembakassery
    Fr. Wilson Eluvathingal Koonan
    Fr. Vincent Parayil
    Fr. Wilson Pereppadan
29. Fr. Shibu Nellissery
    Fr. Raphael Ambadan
    Fr. Raphael Moolan
    Fr. Raphael Panjikaran
    Fr. Roy Panikulangara
    Fr. Raphael Puthenveettil

**Birth day - September**

1. Fr. Jobby Pozholiparambil
5. Fr. Nevin Attokaran
10. Fr. Jose Malieckal
11. Fr. Davis Kallingal
13. Fr. Davis Ambooken
16. Fr. Benny Karumalickal
    Fr. Anto Parekadan
17. Fr. Joseph Cheruvathur
    Fr. Varghese Thettayil
    Fr. Paul Mangalan
18. Fr. Antony Thekkineth
    Fr. Wilson Pereppadan
19. Fr. John Vazhappilly
20. Fr. Antony Vellaniparambil
23. Fr. Seby Nadavaramban
24. Fr. Shaji Thekkekara
26. Fr. Davis Koottala
27. Fr. Joy Alappat
    Fr. Cyriac Ambookan
    Fr. Jaison Parekatt
30. Fr. George Chirammel

ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ!



# സ്പിരിച്ചാലിറ്റി സെന്റർ

**2010 സെപ്തംബർ മാസത്തിലെ ശുശ്രൂഷകൾ**

1. **മക്കളില്ലാത്ത ദമ്പതികളുടെ കൂട്ടായ്മ :** 5-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണി മുതൽ 12.30 വരെ.
2. **വിധവാ സംഗമം :** 6-ാം തിയ്യതി തിങ്കൾ രാവിലെ 10 മണി മുതൽ 2 മണിവരെ.
3. **ഏകസ്ഥരുടെ കൂട്ടായ്മ :** 7-ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ.
4. **ജെറീക്കോ പ്രാർത്ഥന :** 11-ാം തിയ്യതി ശനിയാഴ്ച വൈകിട്ട് 7 മണി മുതൽ 10 മണിവരെ.
5. **സിസ്റ്റേഴ്സിന്റെ മാസധ്യാനം :** 18-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണിവരെ.
6. **അഖണ്ഡ ജപമാല :** 26-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 5 മണിവരെ.
7. **പ്രേഷിതരുടെ കൂട്ടായ്മ :** 30-ാം തിയ്യതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2.30ന്.
8. **രോഗികളുടെയും വൃദ്ധരുടെയും സൗഹൃദസംഗമം :**
   എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 10 മണി മുതൽ 4 മണിവരെ.
9. **വചനപ്രഘോഷണവും ആന്തരികസൗഖ്യ ആരാധനയും :**
   എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ 3 മണിവരെ.
10. **കുട്ടികളുടെ ധ്യാനം :** സെപ്തംബർ 4-ാം തിയ്യതി ശനിയാഴ്ച 5,6,7 ക്ലാസ്സുകളിലെ കുട്ടികളുടെ ധ്യാനം.
    സെപ്തംബർ 11-ാം തിയ്യതി ശനിയാഴ്ച 8,9,10 ക്ലാസ്സുകളിലെ കുട്ടികളുടെ ധ്യാനം.

**ഫാ. ആന്റോ ചുങ്കത്ത്**, വൈസ് റെക്ടർ

---

# സാൻജോസദൻ

| | | | |
|---|---|---|---|
| സെപ്തംബർ | 3 | : | സ്റ്റാഫ് മീറ്റിംഗ് |
| സെപ്തംബർ | 8 | : | AL-ANON Meeting |
| സെപ്തംബർ | 19 | : | 3-ാം ഞായർ Follow Up സെമിനാർ |
| സെപ്തംബർ | 22 | : | AL-ANON Meeting |
| സെപ്തംബർ | 19 | : | A.A. Meeting-ഉം, AL-ANON Meeting-ഉം 19.09.2010 ഞായർ 9.30. a.m.-2.00 p.m. |

**ഫാ. പോളി കണ്ണൂക്കാടൻ (Jr.)**, ഡയറക്ടർ

# ഫാമിലി അപ്പസ്തോലെറ്റ്

1. **ഹോം മിഷൻ :** ഇരിങ്ങാലക്കുട വെസ്റ്റ് ഇടവകയിൽ ഹോം മിഷൻ തുടരുന്നു. അടുത്ത ഇടവക പുത്തൻചിറ ഫൊറോന പള്ളിയായിരിക്കും. ഹോം മിഷൻ, കൗൺസലിംഗ് ശുശ്രൂഷ ഇടവകയിൽ നടത്തുവാൻ താല്പര്യമുള്ള ബഹു. അച്ചന്മാർ അറിയിക്കുമല്ലോ.
2. **കുടുംബസമ്മേളനം :** രൂപത കുടുംബസമ്മേളന ജനറൽബോഡി സെപ്തംബർ 26 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് പാക്സിൽ കൂടുന്നു. ഇടവക കേന്ദ്രസമിതി പ്രസിഡന്റ്, സെക്രട്ടറി, വനിതാ പ്രതിനിധി എന്നീ 3 പേരാണ് ഇടവകയിൽ നിന്ന് പങ്കെടുക്കേണ്ടത്.
3. പ്രോലൈഫ് : രൂപത എക്സിക്യൂട്ടീവ് യോഗം 3-ാം ഞായറാഴ്ച 26-ന് ഉച്ചകഴിഞ്ഞ് 2.30ന് പാക്സിൽ കൂടുന്നു.

**ഫാ. ജോയ് നെല്ലിശ്ശേരി,** ഡയറക്ടർ

---

# പാക്സ്

**I. പ്രീ-കാന :** സെപ്തംബർ 13,14,15; 20,21,22; 27,28,29
ഒക്ടോബർ 4,5,6; 11,12,13; 18,19,20; 25,26,27

**II. മറ്റു പരിപാടികൾ**
**സെപ്തംബർ: സെപ്തംബർ 03 - 30**

സെപ്തംബർ 04 : മാതൃസംഘം ജനറൽബോഡി
19 : കുടുംബസമ്മേളന രൂപത എക്സിക്യൂട്ടീവ്
26 : കുടുംബസമ്മേളന രൂപത ജനറൽബോഡി

**ഫാ. ജോയ് നെല്ലിശ്ശേരി,** ഡയറക്ടർ



# സ്മരണാഞ്ജലി

| | |
|---|---|
| മോൺ. ജോസഫ് കടമ്പാട്ട് | : 29-09-1996 |
| മോൺ. ജോൺ മാളിയേക്കൽ | : 05-09-1999 |
| റവ. ഫാ. തോമസ് പാറേക്കാടൻ | : 15-09-2007 |

# കെ.സി.എസ്.എൽ.

**പുതുതായി തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് അംഗങ്ങൾ:**

| | | |
|---|---|---|
| President | : | Mr. Shaiju Pottokkaran |
| Vice President | : | Mrs. T.R. Beena |
| Organizer | : | Mr. James P.P. |
| Joint Organizer | : | Mr. Jovin M.S. |
| Secretary | : | Sr. Mary Lit C.H.F. |
| Joint Secretary | : | Sheela Sunny |
| Treasurer | : | Sr. Tereesa F.C.C. |

**മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ:**

| | | | | |
|---|---|---|---|---|
| Irinjalakuda Zone | : | H.S.S. | : | Mrs. Jancy, Mrs. Lincy |
| | | H.S. | : | Mr. Joji, Sr. Maryan F.C.C. |
| | | U.P. | : | Sr. Sayoojya C.M.C., Mr. Ajoy |
| Mala Zone | : | H.S.S. | : | Mrs. Lilly, Sr. Josephine C.H.F. |
| | | H.S. | : | Sr. Merline C.M.C., Mrs. Mary Jasbi |
| | | U.P. | : | Mrs. Litty Joseph, Sr. Reshmy F.C.C. |

Nominated Members : Mr. Joshy, Mr. Destin Davis, Mrs. Lissy K.Y.

**സാഹിത്യോത്സവം**

ചാലക്കുടി S.H.C.G.H.School-ൽ വെച്ച് രൂപതാ സാഹിത്യോത്സവം ആഗസ്റ്റ് 14-ന് നടത്തി. വിജയികളായ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ!!

**നേതൃത്വ പരിശീലന ക്യാമ്പ് - 2010**

2010-2011 വർഷത്തിലെ നേതൃത്വ പരിശീലന ക്യാമ്പ് കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് G.H.S. ൽ വെച്ച് നടത്തി. ആഗസ്റ്റ് 24,25,26 തിയ്യതികളിലായി നടത്തിയ ഈ ക്യാമ്പിൽ സംബന്ധിച്ച് ഏറ്റവും വിജയപ്രദമാക്കി മാറ്റിയ എല്ലാ അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**വിദ്യാലയങ്ങളിൽ വി. കുർബാനയും, കെ.സി.എസ്.എൽ.ദിനവും**

Vellikulangara, Irinjalakuda L.F.C.H.S.S., Chalakudy S.H.C.G.H.S., Kuttikkad St. Sebastian's H.S., Mattathur St. Jospeh's U.P.S., Kattungachira Lisieux C.U.P.S., Elinjipra St. Antony's C.U.P.S., Kallur St. George's C.U.P.S., Poovathussery St. Joseph's C.G.H.S., Kodakara D.B.C.G.H.S., Karuvannur St. Joseph's C.G.H.S., Anandapuram St. Joseph's E.M.H.S., Kottat St. Antony's C.G.H.S., South Thanissery St. Antony's C.G.H.S., Karanchira St. George's C.U.P.S., Karanchira St. Xavier's H.S., Irinjalakuda

St. Mary's H.S., Karoor St. Mary's U.P.S., Mala Soccorso H.S.S., Thazhekad S.S.U.P.S. എന്നീ വിദ്യാലയങ്ങളിൽ K.C.S.L. ഡയറക്ടർ ഫാ. ബിനോയ് കോഴിപ്പാട്ടും, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജീസ് പാക്രത്തും ദിവ്യബലി അർപ്പിക്കുകയും K.C.S.L. Day ആചരിക്കുകയും ചെയ്തു.

**സംസ്ഥാന സാഹിത്യോത്സവം**

രൂപതാ സാഹിത്യോത്സവത്തിൽ വിജയികളായവർ സെപ്തംബർ 10-ന് തൃശ്ശൂർ സെന്റ് തോമാസ് സ്ക്കൂളിൽ വെച്ചു നടക്കുന്ന സംസ്ഥാന സാഹിത്യോത്സവത്തിൽ പങ്കെടുക്കുന്നു.

**ഫാ. ബിനോയ് കോഴിപ്പാട്ട്,** ഡയറക്ടർ

## സി.എൽ.സി

ജൂലൈ 31-ന്, Ignatian ദിനം രൂപത C.L.C. വിദ്യാജ്യോതിയിൽ വച്ച് ആഘോഷിച്ചു. മാർ ജെയിംസ് പഴയാറ്റിൽ പിതാവ് അനുസ്മരണ പ്രഭാഷണവും പുഷ്പാർച്ചനയും നടത്തി.

ആഗസ്റ്റ് 28-ന് ഫാ. ജോബ് അനുസ്മരണം മൂർക്കനാട് പള്ളിയിൽ നടന്നു. രൂപതാ C.L.C. വനിതാ കൺവെൻഷൻ സെപ്തംബർ 11-ാം തിയ്യതി ശനിയാഴ്ച പേരാമ്പ്ര പള്ളിയിൽ വച്ച് രാവിലെ 9 മണി മുതൽ 4 മണി വരെ നടത്തപ്പെടുന്നു.

മദർ തെരേസ ദിനം സെപ്തംബർ 5-ന് പുത്തൻചിറ സ്വീറ്റ് ഹോമിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. ആൻഡ്രൂസ് ചെതലൻ,** ഡയറക്ടർ

## നവചൈതന്യ

| | | | |
|---|---|---|---|
| സെപ്തംബർ | 5 | - | ഫോള് അപ്, ആദ്യഞായർ കൂട്ടായ്മ |
| സെപ്തംബർ | 8 | - | പ്രാർത്ഥനാദിനം, സ്റ്റാഫ് മീറ്റിംഗ് |
| സെപ്തംബർ | 11-18 | - | ലഹരിവിമുക്ത പരിശീലന ക്യാമ്പ് |
| സെപ്തംബർ | 12 | - | ജാഗരണ പ്രാർത്ഥന |
| സെപ്തംബർ | 27-30 | - | ഫീൽഡ് വിസിറ്റ് |
| സെപ്തംബർ | 30 | - | ഔട്ട്റീച്ച് പ്രോഗ്രാം |

**ഡയറക്ടർ**

# ബൈബിൾ അപ്പസ്തോലേറ്റ്

**2010 ലോഗോസ് ക്വിസിന്റെ പരീക്ഷ സെപ്തംബർ 26-ന്** അതത് യുണിറ്റുകളിൽ വെച്ച് നടത്തുന്നു. സെപ്തംബർ 15-ാം തിയ്യതി മുതൽ ഹാൾ ടിക്കറ്റും, പരീക്ഷയ്ക്ക് മേൽനോട്ടം വഹിക്കാനുള്ളവരുടെ ലിസ്റ്റും കൊണ്ടു പോകാവുന്നതാണ്.

**സെപ്തംബർ 25-ാം തിയ്യതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.30-ന് ചാലക്കുടി മേഖലയിലുള്ളവർ ചാലക്കുടി ഫൊറോന പള്ളിയിലും, മാള മേഖലക്കാർ മാള ഫൊറോന പള്ളിയിലും, ഇരിങ്ങാലക്കുട മേഖലയിലുള്ളവർ വിദ്യാജ്യോതിയിലും** വന്ന് ഉത്തര കടലാസ്സുകളും, ചോദ്യപേപ്പറും കൊണ്ടുപോകേണ്ടതാണ്. കൃത്യസമയത്ത് വരുവാൻ പ്രത്യേകം ശ്രദ്ധിക്കണെ.

സെപ്തംബർ 27-ാം തിയ്യതി തിങ്കളാഴ്ച 12 മണിക്ക് മുമ്പായി ചാലക്കുടി ഫൊറോന പള്ളിയിലും, മാള ഫൊറോന പള്ളിയിലും അതാത് മേഖലകളിൽപ്പെട്ട പള്ളികളിലെ ഉത്തര പേപ്പറുകൾ എത്തിക്കേണ്ടതാണ്. സമയത്തിന് എത്തിച്ചേരാത്തവർ വിദ്യാജ്യോതിയിൽ നേരിട്ട് കൊണ്ടുവരേണ്ടതാണ്. ഇരിങ്ങാലക്കുട മേഖലയിലെ യൂണിറ്റുകൾ ഉത്തരപേപ്പറുകൾ നേരിട്ട് വിദ്യാജ്യോതിയിൽ എത്തിക്കേണ്ടതാണ്. നിബന്ധനകൾ അനുസരിച്ച് ലോഗോസ് ക്വിസ് പരീക്ഷ കൃത്യതയോടെ ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കണെ!

**ഫാ. ജോർജ്ജ് വേഴപറമ്പിൽ,** ഡയറക്ടർ

# കാത്തലിക് കരിസ്മാറ്റിക് മൂവ്മെന്റ്

**രൂപതാകരിസ്മാറ്റിക് നവീകരണ മുന്നേറ്റം**

1. **ഏകദിനമദ്ധ്യസ്ഥ പ്രാർത്ഥന :** സെപ്തംബർ 8 തിങ്കഴാഴ്ച രാവിലെ 10 മുതൽ 3.00 p.m. വരെ മദ്ധ്യസ്ഥപ്രാർത്ഥനാദിനമാചരിക്കുന്നു.
2. **കൗൺസിലേഴ്സ് കോഴ്സ് :** രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 10 വെള്ളി രാവിലെ 9.30 മുതൽ 12 ഞായർ 4.00 p.m. വരെ ആളൂർ B.L.M. ൽ നടക്കുന്നു.
3. **പ്രീച്ചേഴ്സ് കോഴ്സ് :** രൂപതയിലെ വചനപ്രഘോഷകർക്കായി നവംബർ 5 വെള്ളി രാവിലെ 9.30 മുതൽ 7 ഞായർ 4.00 p.m. വരെ ആളൂർ B.L.M. ൽ നടക്കുന്നു. രൂപതയിലെ എല്ലാ വചനപ്രഘോഷകരും കൗൺസിലേഴ്സും പങ്കെടുക്കേണ്ടതാണ്.

**ഫാ. ജോയ് തറയ്ക്കൽ,** ഡയറക്ടർ

# കെ.സി.വൈ.എം.

1. **മിജാർക്ക് - കെ.സി.വൈ.എം.**
അന്താരാഷ്ട്ര കർഷക യുവജനസംഘടനയായ മിജാർക്കിന്റെ അന്താരാഷ്ട്ര സിമ്പോസിയം, സെമിനാർ, പൊതുസമ്മേളനം, ബഹുജനറാലി എന്നിവ ജൂലൈ 24 ന് വളരെ വിജയകരമായി സമാപിച്ചു. സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.

2. **കാർഷിക സെമിനാർ**
ഭക്ഷ്യസുരക്ഷ-പരിസ്ഥിതി സംരക്ഷണം - രാജ്യപുരോഗതി എന്ന ആപ്തവാക്യവുമായി രൂപതയിലെ ഇടവകകളിൽ കാർഷിക സെമിനാർ നടത്തുന്നു. ആഗ്രഹമുള്ളവർ രൂപത ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 9747703936

3. **ആഗസ്റ്റ് 28. ഫാ. ജോബ് ചിറ്റിലപ്പിള്ളി രക്തസാക്ഷിത്വദിനം**
തിരുവോണനാളിൽ കുത്തേറ്റു മരിച്ച ബഹു. ജോബച്ചന്റെ 6-ാം രക്തസാക്ഷിത്വദിനാചരണം. തുരുത്തിപ്പറമ്പ് ഇടവക ദേവാലയത്തിൽ അനുസ്മരണ സമ്മേളനം 28-ാം തിയ്യതി നടത്തുന്നു.

4. **സെപ്തംബർ മാസത്തിൽ സി.വൈ.എം.-ന്റെ മൂന്നു മേഖലകളിൽ ക്യാമ്പുകളും സെമിനാറുകളും നടത്തുന്നു.** ക്യാമ്പുകളും സെമിനാറുകളും നടത്തുവാൻ ആഗ്രഹമുള്ള യൂണിറ്റുകൾ അറിയിക്കുക.

**ഫാ. വിത്സൻ എലുവത്തിങ്കൽ കൂനൻ**
ഡയറക്ടർ

---

## വികാരി, ഡയറക്ടർ അച്ചന്മാരുടെ

# പ്രത്യേക ശ്രദ്ധയ്ക്ക്..

എല്ലാ സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും ബുള്ളറ്റിനിലേയ്ക്കുള്ള വാർത്തകൾ **15-ാം തിയ്യതിക്കു മുമ്പ്** രൂപതയിൽ എത്തിക്കേണ്ടതാണ്.

**എഡിറ്റർ.**

# സുറിയാനി ഡിപ്ലോമാ കോഴ്സ്

സുറിയാനിഭാഷയെ ലളിതമായി പരിചയപ്പെടുത്തുന്ന ഒരു ഡിപ്ലോമാ കോഴ്സ് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയോട് അനുബന്ധിച്ചുള്ള പൗരസ്ത്യ വിദ്യാപീഠം സംഘടിപ്പിക്കുന്നു. വിദൂരപഠനശൈലിയിലാണ് രണ്ടുവർഷം ദീർഘിക്കുന്ന ഈ കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. കോഴ്സിൽ പങ്കെടുക്കുന്നവർക്കുവേണ്ടി തനിയെ പഠിക്കാൻ സഹായിക്കുന്ന പാഠപുസ്തകങ്ങൾ പ്രത്യേകം തയ്യാറാക്കിയിട്ടുണ്ട്. വിവിധ കേന്ദ്രങ്ങളിൽ വച്ച് മാസത്തിലൊരിക്കൽ കോൺടാക്റ്റ് ക്ലാസ്സുകൾ നടത്തുന്നു. ഓരോരുത്തർക്കും സൗകര്യപ്രദമായ കേന്ദ്രം തിരഞ്ഞെടുക്കാവുന്നതാണ്. പ്ശീത്താ ബൈബിളും സീറോമലബാർ സഭയുടെ ആരാധനക്രമവും ദൈവശാസ്ത്രവും മൂലഭാഷയിൽത്തന്നെ പഠിക്കുവാൻ ഈ കോഴ്സ് ഏറെ സഹായിക്കും.

വൈദികർ, വൈദിക വിദ്യാർത്ഥികൾ, സന്യസ്തർ, അല്മായർ എന്നിവരെ ഉദ്ദേശിച്ചുള്ളതാണ് ഈ കോഴ്സ്. ഡിപ്ലോമാ കോഴ്സിൽ ചേരുന്നതിനുള്ള അടിസ്ഥാന യോഗ്യത ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയുടെ ബിരുദമാണ്. ഈ ഡിപ്ലോമാ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പൗരസ്ത്യ വിദ്യാപീഠം പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമാ നല്കുന്നതാണ്. ഈ ഡിപ്ലോമാ കോഴ്സിനെ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (IGNOU) യോടു അഫിലിയേറ്റു ചെയ്യുന്ന കാര്യം സജീവ പരിഗണനയിലുണ്ട്.

കോഴ്സിന്റെ ഔപചാരിക ഉദ്ഘാടനം 2010 ആഗസ്റ്റ് 15 ഞായറാഴ്ച ഉച്ചകഴിഞ്ഞ് വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽവച്ച് പ്രസിഡന്റ് റവ. ഡോ. മാത്യു മണക്കാട്ട് നിർവ്വഹിക്കുന്നതാണ്. കോഴ്സിൽ പങ്കുചേരാനാഗ്രഹിക്കുന്നവർ താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക:

**ഡോ. പോളി മണിയാട്ട്**
**കോ-ഓർഡിനേറ്റർ, സുറിയാനി ഡിപ്ലോമാ കോഴ്സ്**
**പൗരസ്ത്യവിദ്യാപീഠം**
**വടവാതൂർ, കോട്ടയം 686 010**
**ഫോൺ : 944 795 9808**
**Email : pmaniyattu@yahoo.co.in.**

# ഇടയന്റെ ഇന്നലെകൾ

**ആഗസ്റ്റ് 2010**

1. 7.00 a.m. മടത്തുംപടി പള്ളിയുടെ "കട്ടിളവെയ്പ്" കർമ്മം നിർവ്വഹിച്ചു.

11.00 a.m. കല്ലേറ്റുംകര പാക്സിൽ കുടുംബസമ്മേളന കേന്ദ്ര സമിതിയുടെ പൊതുയോഗം ഉദ്ഘാടനം ചെയ്തു.

. 2.30 p.m. തുരുത്തിപ്പറമ്പ് എഫ്.സി.സി. കോൺവെന്റ് ചാപ്പലിന്റെ അൾത്താര വെഞ്ചരിച്ചു.

2–6 കെ.സി.ബി.സി. വാർഷികധ്യാനം

7. 10.00 a.m. ചാലക്കുടി ഫൊറോന പള്ളിയിൽ വൈദികവർഷ സമാപനത്തോടനുബന്ധിച്ച് നടന്ന വിവിധ പരിപാടികൾക്ക് നേതൃത്വം നല്കി.

5.00 p.m. പരിയാരം ഹോളിഫാമിലി കോൺവെന്റിൽ 'നോവീസസി'നെ ഇന്റർവ്യൂ ചെയ്തു.

8. 7.00 a.m. പറപ്പൂക്കര ഫൊറോന പള്ളിയിൽ ഇടയസന്ദർശനം നടത്തി.

9. 12.45 p.m. ചാലക്കുടി പാരിഷ് ഹാളിൽ ടിച്ചേഴ്സ് ഗിൽഡ് മീറ്റിംഗിൽ സന്ദേശം നല്കി.

2.00 p.m. ആളൂർ സെന്റ് ജോസഫ്സ് പള്ളിയിൽ ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ സഭാവസ്ത്രസ്വീകരണ-പ്രഥമവാഗ്ദാന ചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

10. 9.00 a.m. വടക്കുംകര ഇടവകാംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി.

4.00 p.m. ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ സ്റ്റാഫ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

11. 10.00 a.m. സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ ഫണ്ട് വിതരണ പരിപാടിയിൽ സംബന്ധിച്ചു.

12 Noon പോട്ട പള്ളിയിൽ വെച്ച് നടത്തിയ ദേവാലയ ശുശ്രൂഷികളുടെ സെമിനാറിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

2.00 p.m. ചാലക്കുടി എസ്. എച്ച്. കോളേജിൽ ആരാധനാ സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

12. 2.00 p.m. സോഷ്യൽ ആക്ഷൻ ഓഡിറ്റോറിയത്തിൽ ബഹു. ജോസ് പാലാട്ടിയച്ചന്റെ യാത്രയയപ്പ് മീറ്റിംഗിൽ പങ്കെടുത്തു.

| | | | |
|---|---|---|---|
| 13. | 10.00 | a.m. | മൂർക്കനാട് സെന്റ് ആന്റണീസ് ഹൈസ്ക്കൂളിൽ പ്ലസ്ടുവിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. |
| | 2.15 | p.m. | റീജൻസി ബ്രദേഴ്സ് അഭിവന്ദ്യപിതാവിനെ സന്ദർശിച്ചു. |
| | 5.15 | p.m. | കാരൂർ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ചുള്ള കൊടിയേറ്റുകർമ്മം നിർവ്വഹിച്ചു. |
| | 7.15 | p.m. | ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ നടന്ന 'മരിയൻ ധ്യാന'ത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. |
| 14. | 7.00 | a.m. | സ്നേഹപുരം പള്ളിയിൽ (താണിശ്ശേരിയിൽ) വി. കുർബ്ബാന അർപ്പിച്ചു. |
| | 10.00 | a.m. | മാളയിൽ ടീച്ചേഴ്സ് ഗിൽഡിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 11.15 | a.m. | താഴേക്കാട് കപ്പേള വെഞ്ചരിച്ചു. |
| | 2.30 | p.m. | കൂടപ്പുഴ അനുഗ്രഹസദനിൽ വി. ബലിയർപ്പിക്കുകയും തുടർന്നു നടന്ന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. |
| 15. | | | പാറക്കടവ് ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| | 4.00 | p.m. | Ijk. ലിറ്റിൽ ഫ്ളവർ കോൺവെന്റിലെ റവ. സി. ടെറസില്ലയുടെ മൃതദേഹസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 4.00 | p.m | ലിറ്റിൽ ഫ്ളവർ കോൺവെന്റിലെ റവ. സി. ടെറസില്ലയുടെ മൃതസംസ്ക്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 7.00 | p.m. | ഇരിങ്ങാലക്കുട കത്തീഡ്രൽ പാരിഷ്ഹാളിൽ സി.വൈ.എം. 'അവാർഡ് നൈറ്റ് 'ഉദ്ഘാടനം ചെയ്തു. |
| 16. | 6.00 | p.m. | PACS-ൽ വൈദികരുടെ പഞ്ചദിനക്യാമ്പിന്റെ ആദ്യ ബാച്ച് ഉദ്ഘാടനം ചെയ്തു. |
| 17-28 | | | സിനഡ്, മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി, മൗണ്ട് സെന്റ് തോമാസ്, കാക്കനാട്. |
| 28. | 3.00 | p.m. | തുരുത്തിപ്പറമ്പ് ഇടവകയിൽ ബഹു. ജോബച്ചന്റെ ചരമവാർഷികദിനത്തോടനുബന്ധിച്ച് വി.ബലി അർപ്പിച്ചു. |
| | 5.15 | p.m. | ഇരിങ്ങാലക്കുട, കെ.എസ്. പാർക്കിലെ പരിപാടികൾ ഉദ്ഘാടനം ചെയ്തു. |
| | 6 | p.m. | ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജിൽ 'ജീസസ് യൂത്തി'ന്റെ പ്രോഗ്രാമിൽ സന്ദേശം നല്കി. |

29. 10.00 a.m. കല്ലേറ്റുംകര പാക്സിൽ പ്രോ-ലൈഫ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

12.05 p.m. അമ്പഴക്കാട് ഫൊറോന പള്ളിയിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

2.30 p.m. രൂപതയിലെ വിവിധ ഇടവകകളിൽ അജപാലന സഹായികളായി വരുന്ന ശമ്മാശന്മാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

4.00 p.m. പേരാമ്പ്ര ഇടവകയിൽ പാരിഷ്ഹാൾ വെഞ്ചിരിച്ചു.

7.30 p.m. ഇരിങ്ങാലക്കുട ശാന്തി സദനത്തിൽ സെന്റ് ഇഗ്നേഷ്യസ് കുടുംബയൂണിറ്റിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

30. 2.30 p.m. ബിഷപ്സ് ഹൗസിൽ നടന്ന 'കൺസൾട്ടേഴ്സ് മീറ്റിംഗി'ൽ അദ്ധ്യക്ഷത വഹിച്ചു.

6.00 p.m. കല്ലേറ്റുംകര പാക്സിൽ വൈദികരുടെ പഞ്ചദിന ക്യാമ്പിന്റെ 2-ാം ബാച്ച് ഉദ്ഘാടനം ചെയ്തു.

31. 6.30 a.m. ഇരിങ്ങാലക്കുട അൽവേർണിയ കോൺവെന്റിൽ വി.ബലിയർപ്പിച്ചു.

11.00 a.m. വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയുടെ Tribunal-ന്റെ Closing Ceremony ബിഷപ്സ് ഹൗസിൽ വച്ച് ഉദ്ഘാടനം ചെയ്തു.

## ഇടയന്റെ നാളെകൾ

**സെപ്തംബർ 2010**

1 B.Sc.Nursing അധ്യയനവർഷം ഉദ്ഘാടനം ചെയ്തു. St. James Hospital, Chalakudy.
ടീച്ചേഴ്സ് ഗിൽഡ്, കത്തീഡ്രൽ പാരിഷ് ഹാൾ, ഇരിങ്ങാലക്കുട

2. L.L.P.

3. L.L.P., സഹൃദയ കോളേജ് ബോർഡ് മീറ്റിംഗ്

4. മോതിരക്കണ്ണി 'Amma' സ്നേഹസംഗമം ഉദ്ഘാടനം.
കപ്പേള വെഞ്ചിരിപ്പ് - സേവിയൂർ.

5. ചെന്നൈ സീറോ-മലബാർ മിഷൻ

6. ബിഷപ്സ് ഹൗസ് - രൂപതാദിനപരിപാടികൾ

7-29 റോം

30. പാവറട്ടി ആശ്രമം; ആനന്ദപുരം എൽ.എഫ്. ചർച്ച്

BULLETIN IRINJALAKUDA DIOCESE

KL/IJK/34/08-10

KERMAL 13676-11/01/2007-TC




Bishop's House, Irinjalakuda - 680 121
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : bphijk@irinjalakudadiocese.com ijkdiocese@yahoo.com

Edited by Fr. Seby Kolangara, Published by Fr. Jobby Pozholiparambil
Printed at Adolf Kolping Press, Irinjalakuda, Trichur District. Ph : 0480 - 2823079